# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

07.12.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2956

## പ്രളയത്തിൽ തകർന്നുപോയ പമ്പയിലെ ജലവിതരണ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പ്രളയത്തിൽ തകർന്നുപോയ പമ്പയിലെ ജലവിതരണ സംവിധാനം പൂർവ്വസ്ഥിതിയിലാക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | പ്രളയവുമായി ബന്ധപ്പെട്ട് ത്രിവേണിയിലെ ഇൻടേക് പമ്പ് ഹൗസിനു വന്നിട്ടുള്ള കേടുപാടുകൾ പരിഹരിച്ചു വരുന്നു. പക്ഷെ ശബരിമലയിലെയും പമ്പയിലും കാനന പാതയിലും നിലയ്ക്കലിലേക്കുള്ള കുടിവെള്ള വിതരണം സുഗമമായി നടത്തി വരുന്നു. പ്രളയത്തിന്റെ ഭാഗമായി ത്രിവേണിയ്ക്ക് സമീപമുള്ള ഇൻടേക്കിനു ചുറ്റും ഇപ്പോഴും മണൽ വന്നടിഞ്ഞ് പമ്പിംഗിന് ചില തടസ്സങ്ങൾ വരുന്നുണ്ട്. വന്നടിയുന്ന മണൽ അപ്പപ്പോൾ മാറ്റി ജല വിതരണം തടസ്സമില്ലാതെ നടന്നു പോകുന്നു. ഇതിനായി രണ്ട് മണ്ണുമാന്തിയന്ത്രങ്ങൾ സദാസമയവും ത്രിവേണിയിൽ തന്നെ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് പമ്പയിൽ തകർന്നു പോയ പൈപ്പ് ലൈനുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ഒഴുകിപോയ കിയോസ്ക്കുകൾക്ക് പകരം പുതിയ കിയോസ്ക്കുകൾ സ്ഥാപിച്ച് ജല വിതരണ സംവിധാനം പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ ജലസേചന വകുപ്പിന് എത്ര രൂപയുടെ നഷ്ടം ശബരിമലയിൽ മാത്രം ഉണ്ടായി എന്ന് വിശദമാക്കാമോ? | (ബി) | പമ്പാ ത്രിവേണിയിൽ പ്രഥമിക കണക്കു പ്രകാരം ജലസേചന വകുപ്പിന് ഉദ്ദേശം 4 കോടി രൂപയുടെ നാശ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. പമ്പ ത്രിവേണിയിൽ അടിഞ്ഞു കൂടിയ മണലും എക്കലും നീക്കം ചെയ്താൽ മാത്രമേ യഥാർഥ നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ.<br>ജല അതോറിറ്റിക്ക് ഏകദേശം 2.70 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ